നം.ഇ.എസ്സ് 1-21600/14/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.14/10/2014.

# നോട്ടീസ്.

വിഷയം - ആ.വ.ഡ - ചെമ്പൂർ പ്രൈമറി ഹെൽത്ത് സെന്ററിലെ എച്ച്.ഐ ഗ്രേഡ് 2 ശ്രീ.ജയകുമാർ.കെ.വി യുടെ ജെ.എച്ച്.ഐ ഗ്രേഡ് 2 സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന -
(1) ഗവ.കത്ത് നം.20084/സി2/2014/എച്ച് & എഫ്.ഡബ്ല്യു.ഡി തീയതി.17/05/2014.
(2) ശ്രീ.സുഹാസ്.കെ.ബി, ജെ.എച്ച്.ഐ ഗ്രേഡ് 1 ഗവ.മുഖേന സമർപ്പിച്ച 30/04/2014 - ലെ അപേക്ഷ.
(3) ശ്രീ.രാജൻ.പി.പി, ജെ.എച്ച്.ഐ ഗ്രേഡ് 1 ന്റെ 10/03/2014 - ലെ അപേക്ഷ
(4) ഉത്തരവ് നം.ഇ.എസ്2-49196/04/ആ.വ.ഡ/തീ.28/02/2007.
(5) ഉത്തരവ് നം.ഇ.എസ്1-20074/10/ആ.വ.ഡ/തീ.27/04/2013.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ആയി ജോലി ചെയ്യുന്ന ശ്രീ.സുഹാസ്.കെ.ബിയും ശ്രീ.രാജൻ.പി.പിയും ഉത്തരവ് നം.ഇ.എസ്2-49196/04/ ആ.വ.ഡ/തീയതി.28/02/2007 പ്രകാരം 01/08/1983 മുതൽ 31/12/1996 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 മാരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ ലിസ്റ്റ് 2 - ൽ ശ്രീ.ജയകുമാർ.കെ.വിയ്ക്ക് റാങ്ക് നം.590(സി) നൽകിയിരിക്കുന്നത് തെറ്റായ രീതിയിൽ ആണെന്നും ഈ റാങ്കിന്റെ അടിസ്ഥാനത്തിൽ ടിയാന് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി അനർഹമായാണ് പ്രമോഷൻ നൽകിയിരിക്കുന്ന തെന്നും ആയതിനാൽ സീനിയോറിറ്റി പുനഃക്രമീകരിച്ച് അനർഹമായി നേടിയ പ്രമോഷൻ റദ്ദ് ചെയ്യണമെന്നും അപേക്ഷിച്ചിരിക്കുന്നു.

ശ്രീ.ജയകുമാർ.കെ.വി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ന്റെ സേവന രേഖകൾ പരിശോധിച്ചതിൽ ടിയാൻ 22/02/1996 - ൽ കണ്ണൂർ ജില്ലയിൽ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ ആരോഗ്യവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. അതിനു ശേഷം ഉത്തരവ് നം.ഇ.ജി3-24068/02/ആ.വ.ഡ/തീയതി.27/05/2002 പ്രകാരം അന്തർ

ജില്ലാ സ്ഥലംമാറ്റം വാങ്ങി തിരുവനന്തപുരം ജില്ലയിൽ 14/06/2002 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ടിയാൻ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ തുടരവെ അന്തർ ജില്ലാ സ്ഥലം മാറ്റം വാങ്ങിയതിനാൽ കെ.എസ് & എസ്.എസ്.ആർ ചട്ടം 27(എ) പ്രകാരം ടിയാളുടെ സീനിയോറിറ്റി തിരുവനന്തപുരം ജില്ലയിൽ പ്രവേശിച്ച തീയതിയായ 14/06/2002 മുതൽ മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ ഇത് കണക്കിലെടുക്കാതെ കണ്ണൂർ ജില്ലയിൽ ആർജ്ജിച്ച സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ടിയാന് ഉത്തരവ് നം.ഇ.ജി.3-79648/08/ആ.വ.ഡ/ തീയതി.21/11/2008 പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ആയും ഉത്തരവ് നം.ഇ.ജി4-100156/06/ആ.വ.ഡ/തീയതി. 22/02/2014 പ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയും പ്രമോഷൻ നൽകുകയും ചെയ്തു.

ഈ സാഹചര്യത്തിൽ ശ്രീ.ജയകുമാർ.കെ.വി 22/02/1996 - ൽ ജോലിൽ പ്രവേശിച്ച തസ്തികയിൽ ഇരിക്കവേ അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ സീനിയോറിറ്റി സൂചന 5 പ്രകാരമുള്ള 01/04/2000 മുതൽ 31/10/2007 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ റാങ്ക് നം.109 ആയ ശ്രീ.നിജി.കെ കൃഷ്ണന്റെയും, റാങ്ക് നം.110 ആയ ശ്രീ.ജ്യോതിഷ്കുമാർ.ജി.എൽ ന്റെയും മദ്ധ്യേ 109(എ) ആയി താഴെ പറയും പ്രകാരം പുനർനിർണയത്തിന് താത്കാലികമായി തീരുമാനിച്ചിരിക്കുന്നു.

| പേര് | 01/08/1983 മുതൽ 31/12//1996 വരെയു ള്ള JHI Gr.II സീനിയോ റിറ്റി ലിസ്റ്റിൽ (ലിസ്റ്റ് 2) നിലവിലുള്ള് റാങ്ക് നം. | 01/04/2000 മുതൽ 31/10/2007 വരെയു ള്ള JHI Gr.II സീനിയോറിറ്റി ലിസ്റ്റിൽ പുനഃർ നിർണയിച്ചു നൽകാൻ ഉദ്ദേശിക്കുന്ന റാങ്ക് നം. | ജനന തീയതി. |
|---|---|---|---|
| 1 | 2 | 3 | 4 |
| ജയകുമാർ.കെ.വി | 590(സി) | 109(എ) | 10/05/1962 |

| സേവനത്തിൽ പ്രവേശിച്ച തീയതി. | പി.എസ്.സീ അഡ്വൈസ് നമ്പരും തീയതിയും | അന്തർ ജില്ലാ സ്ഥലം മാറ്റം വാങ്ങിയ ജില്ലയും ജോലിയിൽ പ്രവേശിച്ച തീയതിയും. |
|---|---|---|
| 5 | 6 | 7 |
| 22/02/1996 | CI(1)751/87/dt.30/01/1987<br>KPSC, Kannur (Field Assistant) | തിരുവനന്തപുരം<br>14/06/2002 |

ഇത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ളവർ, ഈ നോട്ടീസ് തീയതി മുതൽ 30 ദിവസത്തിനുള്ളിൽ അത് ഉചിതമാർഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
ഡോ.സരിത.ആർ.എൽ
അഡി.ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ് (എ&റ്റി)

സ്വീകർത്താവ്,

ശ്രീ.ജയകുമാർ.കെ.വി
ഹെൽത്ത് ഇൻസ്പെക്ടർ
പ്രൈമറി ഹെൽത്ത് സെന്റർ, ചെമ്പൂർ

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർ മാർക്കും.
2) മെഡിക്കൽ ആഫീസർ ഇൻചാർജ്ജ്,
   പി.എച്ച്.സി, ചെമ്പൂർ
3) ശ്രീ.സുഹാസ്.കെ.ബി,
   ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1
   സി.എച്ച്.സി, പുത്തൻതോപ്പ്, തിരുവനന്തപുരം.
4) ശ്രീ.രാജൻ.പി.പി
   ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1
   പി.എച്ച്.സി, അത്തോളി, അത്തോളി (പി.ഒ) കോഴിക്കോട്.
5) ഇ.ജി സെക്ഷൻ
6) ഫയൽ/സ്റ്റോക്ക് ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്.